(ഡി) ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ചുള്ള കണക്കുകൾ തയ്യാറാക്കി വരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: - ഈ റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുമോ?

ശ്രീ. ഇ. ജാൻ ഫിലിപ്പോസ്: അതിന്റെ കൺട്രാക്ട് കൊടുത്തു കഴിഞ്ഞു. പണി കഴിയുന്നതും വേഗം ആരംഭിക്കുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇടതപാ-അമ്പലപ്പുഴ റോഡിൽ എത്ര പാലമുണ്ട്?

ശ്രീ. ഇ. ജാൻ ഫിലിപ്പോസ്: എനിക്കറിഞ്ഞുകൂടാ.

പിന്നോക്ക സമുദായങ്ങൾ

*൩൦൪. (൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹരിജനങ്ങളെ കൂടാതെ, പിന്നോക്ക സമുദായങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സമുദായങ്ങൾ ഏതെല്ലാം; ആ സമുദായങ്ങളുടെ സംരക്ഷണത്തിനായി ഗവൺമെന്റ് എന്തെല്ലാം ചെയ്യുന്നുണ്ട്;

(ബി) മീൻപിടിത്തക്കാരെ പിന്നോക്ക സമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഹരിജനങ്ങളെന്നും പിന്നോക്കസമുദായങ്ങളെന്നും വിവരിക്കപ്പെടുന്ന സമുദായങ്ങളെല്ലാം ഒന്നാണ്. സാമൂഹ്യവും സാമ്പത്തികവുമായ അവശതകൾക്ക് വിധേയരായ ചില സമുദായങ്ങളെ പിന്നോക്കസമുദായങ്ങളെന്ന് പറയപ്പെടുന്നു.

(ബി) ഇല്ല. എന്നാൽ ചില വിദ്യാഭ്യാസസൗജന്യങ്ങൾ അനുഭവിക്കുന്നവരുണ്ട്. മാത്രവുമല്ല തൊഴിലിനെ അടിസ്ഥാനമാക്കിയല്ല പിന്നോക്കസമുദായക്കാരെ തരം തിരിക്കുന്നത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പിന്നെ എന്തിനെ അടിസ്ഥാനമാക്കിയാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: സാമൂഹ്യവും സാമ്പത്തികവുമായ അവശതകളെ അടിസ്ഥാനമാക്കിയാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: ഇന്ന് സാമൂഹ്യമായി സങ്കടമനുഭവിക്കുന്നവരുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അത് ഒമ്പക്കുതന്നെ അറിയാം.

Mr. Speaker: The member knows that.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പിന്നോക്കസമുദായത്തിൽപ്പെട്ട ഏതെല്ലാം സമുദായങ്ങളെ ഹരിജൻ വർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ ഒരു ലിസ്റ്റുണ്ട് അത് ഞാൻ മേശപ്പുറത്തു വയ്ക്കാം.

Mr. Speaker: That will be placed on the table.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നമ്പൂതിരിമാരെ പിന്നോക്കസമുദായക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അതിനനുസരിച്ച് പരിഗണിക്കണമെന്ന കാണിച്ച് എന്തെങ്കിലും പ്രമേയം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. പി. ടി. ചാക്കോ: പിന്നോക്കസമുദായങ്ങൾ എന്ന തരംതിരിക്കലിൽ മതപരമായ പരിഗണനകൾ നോക്കാറുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: മതപരമായ പരിഗണന നോക്കാറില്ല. എന്നാൽ ഹിന്ദു സമുദായത്തിൽപ്പെട്ടവരെയാണ് പിന്നോക്കസമുദായങ്ങൾ എന്ന അടിസ്ഥാനത്തിൽ വ്യവഹരിക്കപ്പെടുന്നത്. എന്നാൽ ഈ അടുത്തകാലത്തു് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുവർക്കുള്ള സാമ്പത്തികമായ അവശതകളെ പരിഗണിച്ച് വിദ്യാഭ്യാസപരമായ സൗജന്യങ്ങൾ അവർക്കുകൂടി കൊടുക്കണമെന്ന് നിവേദനം ലഭിച്ചതിന്റെ ഫലമായി അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. ഒറ്റുിശ്ശ്സ് : അരശർ വശ്ശ്കാരെ ഏതിനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതു?

ശ്രീ. എൻ. കുഞ്ഞുരാമൻ : അരശർ അരശർതന്നെ. ഏതു മതത്തിൽപ്പെട്ടവരാണെന്നു പറയണമെങ്കിൽ നോട്ടീസുവേണം.

ശ്രീ. പി. എം. വശ്ശീസ് : ഇപ്പോഴും സാമൂഹ്യമായ അവശതകൾ നിലനിൽക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : നിലനിൽക്കുന്നില്ലെന്നു പറയാൻ പാടില്ല. എന്നാൽ നിയമംമൂലം അവയെ അസാധുവാക്കിയിട്ടുണ്ട്. എല്ലാ അവശതകളും ഇതിനകം അക്കാരണത്താൽ പരിഹരിക്കപ്പെട്ട എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. പി. ഉദയഭാനു : കാൺസ്റ്റിറ്റ്യൂഷൻ ആക്ട് ഫസ്റ്റ് ഠ-ാം വകുപ്പനുസരിച്ച് പിന്നോക്കസമുദായക്കാർ ആരെല്ലാമാണെന്നു നിശ്ചയിക്കേണ്ടതു് ഒരു കമ്മീഷനല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇവിടത്തെ പിന്നോക്കസമുദായക്കാരിൽ ആരെയെല്ലാം ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തണമെന്നു കാണിച്ച് ഇൻഡ്യാഗവൺമെണ്ടിലേക്ക് അറിവു കൊടുക്കേണ്ടതായിട്ടുണ്ട്. അതനുസരിച്ച് അവരെ ക്ലാസിഫൈ ചെയ്തു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇനി അതു് പ്രസിഡൻറിൻറെ ഒരു നോട്ടിഫിക്കേഷൻമൂലം പ്രസിദ്ധപ്പെടുത്തുന്നതാണ്.

ശ്രീ. എ. പി. ഉദയഭാനു : പിന്നോക്കസമുദായങ്ങളെ തരംതിരിക്കുക എന്നുള്ളതു കാൺസ്റ്റിറ്റ്യൂഷൻ ആക്ട് ഫസ്റ്റ് ഠ-ാം വകുപ്പനുസരിച്ച് ഒരു കമ്മീഷനല്ലേ ചെയ്യേണ്ടതു?

Sri. N. Kunjuraman: I claim notice.

ശ്രീ. പി. ടി. ചാക്കോ : ഷെഡ്യൂൾഡ് കാസ്റ്റെന്നും ബാക്ക്വേഡ് കമ്മ്യൂണിറ്റി എന്നും പറയുന്നതു് ഒന്നാണോ രണ്ടാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : രണ്ടാണ്.

ശ്രീ. എ. താണുപിള്ള : ഷെഡ്യൂൾഡ് കാസ്റ്റിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിൻറെ ലിസ്റ്റ് മേശപ്പുറത്തു് വയ്ക്കാം.

ശ്രീ. എ. താണുപിള്ള : ഏതു സമുദായക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതൊരു നീണ്ട ലിസ്റ്റാണ്. ഈ സമുദായക്കാരുടെ പേരുണ്ടു്. അതുകൊണ്ടു് അതു മേശപ്പുറത്തു വയ്ക്കാം.

ശ്രീ. എ. താണുപിള്ള : ആ ലിസ്റ്റ് മേശപ്പുറത്തുവച്ചാൽ കൊള്ളാം?

Sri. N. Kunjuraman: It is a long list. I shall place it on the table.

ശ്രീ. എ. താണുപിള്ള : ഈ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവരുടെ ജനസംഖ്യ എന്താണ്?

Sri. N. Kunjuraman: I claim notice.

ശ്രീ. സി. സി. പ്രസാദ് : ബാക്ക്വേഡ് കമ്മ്യൂണിറ്റിസിനെ ഇനിമേൽ പുതിയ കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ഷെഡ്യൂൾഡ് കാസ്റ്റ് എന്ന നിലയിലല്ലേ അറിയപ്പെടുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അല്ല.

ശ്രീ. സി. സി. പ്രസാദ് : പിന്നോക്കസമുദായക്കാരെ ഷെഡ്യൂൾഡ് കാസ്റ്റുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ബാക്ക്വേഡ് കമ്മ്യൂണിറ്റിസിൽപ്പെട്ട എല്ലാവരെയും ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തണമെന്നില്ല.

ശ്രീ. കെ. എസ്സ്. ജോസഫ് : സമുദായവും മതവും എന്ന വാക്കിനു് ഒരേ അർത്ഥം തന്നെയാണോ കൊടുക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : സമുദായങ്ങളെല്ലാം ഏതെങ്കിലും മതത്തിൽപ്പെട്ടതായിരിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ : പബ്ലിക്ക് സർവ്വീസിൽ വേണ്ടിടത്തോളം പ്രാതിനിധ്യം കിട്ടാത്തവരെയെല്ലാം പിന്നോക്കസമുദായക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് പരിശോധിക്കാവുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ബാക്കവേഡ് കമ്മ്യൂണിറ്റിസ് എന്നു പറയുന്നവർ മുമ്പ് ഡിപ്രസ്ഡ് ക്ലാസ്സ് എന്ന വിഭാഗത്തിൽ പെട്ടിരുന്നവരല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പലവിധത്തിൽ അതു് പറയാവുണ്ടു്. ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുന്നതാണു്.

STATEMENT

For the purpose of the Advancement of Backward Communities—such communities have been classified under three categories. They are:—

LIST I—SCHEDULE CASTES

1. Pulayan (Cheramar)
2. Paraya (Sambava)
3. Ayyanavar
4. Ulladan
5. Nayadi
6. Ottars
7. Vedan
8. Vettuvan
9. Domban
10. Iruvalan
11. Cootan
12. Pallen
13. Valluvan
14. Kuravas
15. Kakkalan
16. Arassars
17. Chakkiliyan
18. Bharatars
19. Kanakkan
20. Padannan
21. Uraly
22. Velaan (വേളാൻ)
23. Pathiyan
24. Vannan (Varnavar)
25. Mannan (മണ്ണാൻ)
26. Perumannan
27. Thandan
28. Paravan
29. Chakkamar
30. Vallon
31. Velladan
32. Pandyans
33. Vathiriyans
34. Thachars
35. Panas
36. Pulluvas
37. Kavaras
38. Veera Saiva (വീരശൈവ)

A list of Hill Tribes has also been prepared for the above purpose. This category includes:—

LIST II—HILL TRIBES

1. Kanikkaran
2. Palliyars
3. Malayarayars
4. Malai Arayas
5. Malayan
6. Vishavan
7. Uraly (Vide 21 above)
8. Palleyans
9. Mannans (മണ്ണാൻ)
10. Malai Pandarans
11. Kochu Vellans
12. Ulladans (Vide 4 above)
13. Muthuvans
14. Hill Pulayas
15. Nayadis
16. Vedan
17. Valluvan
18. Kadar

A third list under the caption Backward Communities was also prepared including the following communities:—

LIST III—OTHER BACKWARD COMMUNITIES

1. Maravan
2. Ezhavathy
3. Kaniyan
4. Valans
5. Arayas
6. Mukkuvans
7. Chavalakkarans
8. Kumbarns
9. Velans
10. Kusavans
11. Perumkollans
12. Boyans
13. Tholkollans
14. Naikkans
15. Odans
16. Kudumbis

PRIVATE BUSES.

*605. [8] **Sri. E. P. Paulose:** Will the Hon'ble Minister for Public Works, Communications and Agriculture be pleased to state:—

(a) whether Government will be pleased to remove the restrictions imposed by the rule

LIBRARY ARCHIVES Kerala Legislative Assembly